(ബി) താഴെ പറയുന്നവയാണ് ഓരോ വിഭാഗത്തിലേയും സ്റ്റാഫ് പാറ്റേൺ.

| | | |
|---|---|---|
| അലോപ്പതി | അസിസ്റ്റന്റ് സർജൻ | 1 |
| | അക്സിലറി നേഴ്സ് മിഡ്വൈഫ് | 1 |
| | ഫാർമസിസ്റ്റ് | 1 |
| | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| | ഹോസ്പിറ്റൽ അറ്റൻഡന്റ് (ഗ്രേഡ് 2) | 1 |
| | പാർട്ട് ടൈം സ്വീപ്പർ | 1 |
| ആയുർവേദം | മെഡിക്കൽ ഓഫീസർ | 1 |
| | ഫാർമസിസ്റ്റ് | 1 |
| | അറ്റൻഡർ/അറ്റൻഡന്റ് | 1 |
| | പ്യൂൺ/പാർട്ട്ടൈം സ്വീപ്പർ | 1 |
| ഹോമിയോപ്പതി | മെഡിക്കൽ ഓഫീസർ | 1 |
| | ഫാർമസിസ്റ്റ്/അറ്റൻഡർ/ അറ്റൻഡന്റ് | 1 |
| | പാർട്ട് ടൈം സ്വീപ്പർ/പ്യൂൺ സ്വീപ്പർ.കം.പ്യൂൺ/വാച്ചർ. കം.സ്വീപ്പർ | 1 |

(സി) ഇവരുടെ ശമ്പള സ്കെയിലിൽ ചെറിയ വ്യത്യാസമുണ്ട്.

(ഡി, ഇ) ശമ്പളക്കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അംഗീകരിച്ച പുതിയ ശമ്പളസ്കെയിലുകളാണ് ഇപ്പോഴും ഓരോ വിഭാഗത്തിനും നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ വ്യത്യാസം വരുത്താൻ സാദ്ധ്യമല്ല.

## കൊക്കോക്കുരുവിന് താങ്ങുവില

945 [1489] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കൊക്കോ കുരുവിന് താങ്ങുവില ഏർപ്പെടുത്താമോ?

### ഉത്തരം

ഇപ്പോഴും കൊക്കോക്കുരുവിന് സാമാന്യം നല്ല വില കിട്ടുന്നതുകൊണ്ട് താങ്ങുവില ഏർപ്പെടുത്തേണ്ട ആവശ്യം ഉണ്ടെന്ന് ഗവൺമെന്റ് കരുതുന്നില്ല.

## വാളയാർ ഡാം വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ നിവേദനം

946 [1490] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വാളയാർ ഡാം വാട്ടർ യൂസേഴ്സ് അസോസിയേഷൻ എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് അതിൽ ഉന്നയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഇവ അംഗീകരിച്ചു നടപ്പിൽ വരുത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാളയാർ ആയക്കെട്ടിൽ കനാലിന്റെ അവസാനഭാഗങ്ങളിലെ പ്രദേശങ്ങളിൽ വെള്ളമെത്തിക്കണമെന്നതാണ് ആവശ്യം.

(സി) വാളയാർ ആയക്കെട്ടു പ്രദേശത്ത് മഴ കുറവായതിനാൽ വാളയാർ ജലസംഭരണിയിൽ, പദ്ധതി പ്രദേശത്തിനു മുഴുവൻ ആവശ്യമുള്ള ജലം സംഭരിക്കാൻ കഴിയുന്നില്ല. ഈ കുറവ് പരിഹരിക്കുന്നതിന് ചിറ്റൂർപുഴ പദ്ധതിയുടെ കുന്നംകാട്ടുപതി കനാൽ വഴി വാളയാർ കനാലിലെ 13-ാം കിലോമീറ്ററിന് താഴെയുള്ള പ്രദേശങ്ങളിൽ വേണ്ട ജലം എത്തിക്കുവാനുള്ള സംവിധാനം ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ വാളയാർ ഡാമിൽനിന്നുമുള്ള വെള്ളം കൂടിയാകുമ്പോഴും എല്ലാ ഭാഗത്തും വെള്ളം ലഭിക്കുന്നതുമാണ്. എന്നാൽ കനാലുകളുടെ ആദ്യഭാഗങ്ങളിലുള്ള കൃഷിക്കാർ അനധികൃതമായി സ്ലൂയിസുകളും തുറക്കുകയും മറ്റും കാരണം അവസാനഭാഗങ്ങളിൽ ജലം എത്തിക്കാൻ പ്രയാസം നേരിടുന്നുണ്ട്. പോലീസ് സംരക്ഷണത്തിൽ ഈ വർഷം കനാലിന്റെ അവസാനഭാഗങ്ങളിൽ ജലം എത്തിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ പോലീസ് സംരക്ഷണം എപ്പോഴും ലഭിക്കുന്നതിന് വൈഷമ്യമുള്ളതിനാൽ വാളയാർ ഡാം വാട്ടർ യൂസേഴ്സ് പരിപൂർണ്ണമായി സഹകരിച്ച് കനാൽ സ്ലൂയിസുകളും ഡിപ്പാർട്ടുമെന്റ് നിർദ്ദേശം കൂടാതെ തുറന്ന് തകരാറുണ്ടാകാതിരുന്നാൽ മാത്രമേ ജലവിതരണം സുഗമമാകുകയുള്ളൂ.

ഏലത്തൂരിലെ നാളികേര കോംപ്ലക്സ്

947 [1503] ശ്രീ. പി.കെ. ശങ്കരൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏലത്തൂരിൽ സ്ഥാപിക്കുവാൻ ഗവൺമെന്റ് തീരുമാനമെടുത്തു കഴിഞ്ഞ ''നാളികേര കോംപ്ലക്സിന്റെ'' പ്രവർത്തനം ഏതു ഘട്ടത്തിലാണിപ്പോഴുള്ളത്;

(ബി) ഇത് സംബന്ധിച്ച സ്ഥലമെടുപ്പ്, യന്ത്ര സാമഗ്രികൾക്ക് ഓർഡർ നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ എത്രത്തോളമായി;

(സി) ഇതിനായി ഇതുവരെ എത്ര സംഖ്യ ചെലവായി;

(ഡി) സ്ഥലമെടുപ്പും മറ്റു കാര്യങ്ങളും പൂർത്തിയാക്കി ഇതെപ്പോൾ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കും?

ഉത്തരം

(എ) കോംപ്ലക്സിന് വേണ്ട സ്ഥലം പൊന്നും വിലക്കെടുക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) നിർദ്ദിഷ്ട സ്ഥലമെടുപ്പിനെതിരായി ചില ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ചുവരികയാണ്. യന്ത്രസാമഗ്രികൾക്കുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുകയും അത് വിദഗ്ദ്ധ കമ്മറ്റിയുടെ പരിശോധനക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly